# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/430/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,ജനറൽ, കണ്ണൂർ (ഇ മെയിൽ)
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/430/22 തീയ്യതി: 25/05/2022

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 05-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ .വിനോദ്.കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 21-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 21-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സിന്ധു. ടി. പി. ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അന്ന അബ്രഹാം, ഓഡിറ്റർ(ഹ.ഗ്രേ)
ധന്യ. എം. വി. ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.ലത | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.സി .എം.കൃഷ്ണൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.ജയ സുരേന്ദ്രൻ | സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീമതി.മോളി .എം.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-06-2020 | 14-07-2020 |
| ശ്രീമതി.ജയ സുരേന്ദ്രൻ | സെക്രട്ടറി | 15-07-2020 | 06-08-2020 |
| ശ്രീമതി.മോളി .എം.വി. | സെക്രട്ടറി | 07-08-2020 | 16-08-2020 |
| ശ്രീമതി.പ്രസീത.കെ.വി | സെക്രട്ടറി | 17-08-2020 | 07-02-2021 |
| ശ്രീ.ജോബി സാലസ് | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സ്നേഹലത പോള | മെഡിക്കൽ ഓഫീസർ,സി എച്ച് സി | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ്തി.സി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 23-02-2021 |
| ശ്രീ.സുനിൽ.എം. | വ്യവസായ വികസന ഓഫീസർ | 24-02-2021 | 31-03-2021 |
| ശ്രീമതി.പ്രസന്ന പറമ്പത്ത് | സിഡിപിഒ,തളിപ്പറമ്പ | 01-04-2020 | 06-09-2020 |
| ശ്രീമതി.ഷീന.എം.കണ്ടത്തിൽ | സിഡിപിഒ,തളിപ്പറമ്പ | 07-09-2020 | 31-03-2021 |
| ശ്രീമതി.പ്രസന്ന പറമ്പത്ത് | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 1 | 01-04-2020 | 20-04-2020 |
| ശ്രീമതി.നിർമ്മല.കെ | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 1 | 21-04-2020 | 31-03-2021 |
| ശ്രീമതി.ഗ്രേറ്റ കുര്യൻ പെരുമാട്ടിൽ | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 2 | 01-04-2020 | 03-09-2020 |
| ശ്രീമതി.നിർമ്മല.കെ | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 2 | 04-09-2020 | 17-12-2020 |
| ശ്രീമതി.രമാഭായ്. എ . കെ. | സിഡിപിഒ,തളിപ്പറമ്പ അഡിഷണൽ 2 | 18-12-2020 | 31-03-2021 |
| ശ്രീമതി.സുജ കാരാട്ട് | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൾച്ചർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മിനിമോൾ.ഡി.കെ | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 01-04-2020 | 15-06-2020 |
| ശ്രീമതി.അൽഫോൻസ ജോസഫ് | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 16-06-2020 | 06-07-2020 |
| ശ്രീ.സുരേഷ്. എൻ | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 07-07-2020 | 01-03-2021 |
| ശ്രീമതി.അൽഫോൻസ ജോസഫ് | ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | 02-03-2021 | 31-03-2021 |
| ശ്രീ.പി. ഉണ്ണിക്കൃഷ്ണപ്പിള്ള | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 08-02-2021 |
| ശ്രീ.വിജയൻ. കെ.വി. | പട്ടികജാതി വികസന ഓഫീസർ | 17-02-2021 | 31-03-2021 |
| ശ്രീ.ബാലകൃഷ്ണൻ.കെ.എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റോസ്ലിജി. സി.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ഗോപാലകൃഷ്ണൻ.പി.വി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2020 | 04-11-2020 |
| ശ്രീ.അനൂപ്.കെ.വി | പട്ടികവർഗ്ഗ വികസന ഓഫീസർ | 05-11-2020 | 31-03-2021 |

1.ഭരണ നിർവ്വഹണ സമിതി ശ്രീമതി.പ്രസീത.കെ വി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ എം ബാലകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.സുജ കാരാട്ട്, അസിസ്റ്റന്റ് ഡയറക്ടർ അഗ്രിക്കൾച്ചർ 12.11.2020 മുതൽ 20.12.2020 വരെ 21.12.2020 തീയതിയിൽ പുതിയ ഭരണസമിതി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. 2.പട്ടികജാതി വികസന ഓഫീസർ 09.02.21 മുതൽ 16.02.21 വരെ ഒഴിവ്

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 1-4 |
| 6 | കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-7 |
| 10 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-8 |
| 11 | കമ്മറ്റികളുടെ പ്രവർത്തനം<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-9 |
| 12 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-10 |
| 13 | അസറ്റ് മാനേജ്മെന്റ്<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 1-11 |
| 14 | വാടക കുടിശിക വർധിച്ച് വരുന്നു- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-12 |
| 15 | ബ്ലോക്ക് പദ്ധതി ഡോക്യുമെന്റേഷൻ-ടെണ്ടർ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-13 |
| 16 | പകൽവീടുകൾക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകങ്ങൾ-₹165000 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-14 |

| | | |
|---|---|---|
| 17 | കോവിഡ് 19-മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് തൊഴിലാളികൾക്ക് മാസ്ക് വിതരണം -വിതരണ രേഖകൾ ലഭ്യമല്ല.<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-15 |
| 18 | വിലയാർകോട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതി ലൈൻ വലിക്കൽ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-16 |
| 19 | വിവിധ പട്ടികജാതി കോളനികളിൽ ഫർണിച്ചർ അനുബന്ധ സൗകര്യം ഒരുക്കൽ-അപാകങ്ങൾ-₹89600 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-17 |
| 20 | ബ്ലോക്ക്-വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം-ലാപ്ടോപ്,സ്കാനർ എന്നിവ ലഭ്യമായില്ല.₹222800-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-18 |
| 21 | കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിനു മുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രം,അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല-₹11,13,580 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-19 |
| 22 | വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി അപാകങ്ങൾ- 550000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-20 |
| 23 | വനിതാ പശുവളർത്തൽ യൂണിറ്റ് - സ്പിൽ ഓവർ പദ്ധതി അപാകങ്ങൾ -1237500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-21 |
| 24 | സമൃദ്ധി റിവോൾവിംഗ് ഫണ്ട് , പലിശ സബ്സിഡി - അധികതുക പിൻവലിച്ചതും മറ്റ് അപാകങ്ങളും - 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല,50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-22 |
| 25 | വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി (ക്ഷീരവികസന ഓഫീസർ ആലക്കോട്) അപാകങ്ങൾ- 1100000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya.M.V (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-23 |
| 26 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ -ഇൻഷുറൻസ് ക്ലെയിം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Reena Pittan (Asst. Audit Officer, On 22-03-2022) | 1-24 |
| 27 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ -ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Sindhu T P (Audit Officer, On 22-03-2022) | 1-25 |

| | | |
|---|---|---|
| 28 | ഭരണസമിതി തീരുമാന പ്രകാരമുള്ള നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-26 |
| 29 | ഒഴിഞ്ഞ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Reena Pittan (Asst. Audit Officer, On 22-03-2022) | 1-27 |
| 30 | തേർലായി കുടിവെള്ള പദ്ധതി - പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-28 |
| 31 | ലഡാക്ക് കുടിവെള്ള പദ്ധതി - അപാകങ്ങൾ .<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-29 |
| 32 | ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-30 |
| 33 | ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 1-31 |
| 34 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല<br>Written By: Sindhu T P (Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-32 |
| 35 | ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-33 |
| 36 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകി-₹5000 നിരാകരിക്കുന്നു<br>Written By: Anu Abraham (Auditor, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-34 |
| 37 | വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതും പലിശ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതും<br>Written By: Sindhu T P (Audit Officer, On 22-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സമൃദ്ധി റിവോള്വിംഗ് ഫണ്ട് ഫണ്ട് , പലിശ സബ്സിഡി - അധികതുക പിൻവലിച്ചതും മറ്റ് അപാകങ്ങളും 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല<br>Written By: Sindhu T P (Audit Officer, On 26-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 3-1 |
| 2 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകി-₹5000 നിരാകരിക്കുന്നു<br>Written By: Sindhu T P (Audit Officer, On 26-03-2022) | 3-2 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 20-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 20-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 20-03-2022) | 4-4 |
| 5 | വായ്പ,വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 20-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 20-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 20-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 20-03-2022)<br>Last Updated By: Sindhu T P (Audit Officer, On 21-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 23-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 21-03-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2020 തീയതിയിലെ 28/20 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 49,68,72,000 |
| ആകെ | 49,68,72,000 |
| ചെലവ് | 49,04,29,200 |
| നീക്കിയിരിപ്പ് | 64,42,800 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മീറ്റിംഗ് മിനട്സിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. 26.02.2020 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നമ്പർ 1 ൽ 19.03.2020 തീയതിയിലെ ഭരണസമിതി യോഗത്തിൽ ബജറ്റ് അവതരിപ്പിക്കേണ്ട കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിൽ ബജറ്റ് ചർച്ചകളോ ബജറ്റോ തയ്യാറാക്കിയതായുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളും ബജറ്റ് സംബന്ധിച്ച ചർച്ചകൾ നടത്തുകയോ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ചതായും രേഖകളില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കാതെ ബജറ്റ് ഭരണസമിതിയിൽ നേരിട്ട് അവതരിപ്പിച്ചത് ശരിയായ നടപടിക്രമമല്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ജന്റർ ബജറ്റ് തയ്യാറാക്കുന്നില്ല എന്നതും അപാകമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 17.06.2021 | തിരിച്ചയച്ചിട്ടില്ല |

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.05.2021 തീയതിയിലെ 64/21 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.തനതു വരവിനങ്ങളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , ലോൺ രജിസ്റ്റർ ഉടങ്ങിയവ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അതുകൊണ്ടു തന്നെ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3.എം എൻ ആർ ഇ ജി എസ് വിഭാഗത്തിന് മുൻകൂറായി നല്കിയ തുകയുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ ബി18, ആർ പി 47 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയും എംഎൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്നു ലഭ്യമാക്കിയ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക ബി 18 ഷെഡ്യൂൾ പ്രകാരം അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള തുക 481117രൂപയും എം എൻ ആർ ഇ ജി എസ് വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ക്രമീകരിക്കാനുള്ള തുക 832165രൂപയുമാണ്. അപാകം പരിഹരിക്കേണ്ടതാണ്.

4. വാർഷിക ധനകാര്യ പത്രിക പ്രകാരം (ബി 18 ഷെഡ്യൂൾ) 35316രൂപ ടി എ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധനയിൽ ഇത്രയും തുക ക്രമീകരിക്കാൻ ബാക്കിയില്ല എന്നാണ് വ്യക്തമാകുന്നത്. യാത്രാബത്തയിനത്തിൽ നല്കിയ തുകയും മുൻവർഷങ്ങളിൽ ക്രമീകരിച്ച തുകയും ക്രമീകരിക്കാൻ ബാക്കിയുള്ളതായി ചേർത്തതും തെറ്റായ ജേണൽ എൻട്രി നടത്തി ഇരട്ടിപ്പ് വരുത്തിയതും അപാകങ്ങളാണ്. ടി എ അഡ്വാൻസ് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

5.ആസ്തി രജിസ്റ്റർ 31.02.2020 തീയതി വരെ കാലികമാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനക്കായി

ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററും ബി 11,ആർ പി 38 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകളും ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട കണക്കിനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6.വൗച്ചറുകൾക്കൊപ്പം സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന വൗച്ചർ ഉൾപ്പെടുത്തിയിട്ടില്ല.

7.ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഐ എ വൈ ലോൺ ഇനത്തിൽ 10.75 ശതമാനത്തിൽ അധികരിച്ച് വരുന്ന പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ ബാധ്യതയാണെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ ഇതു സംബന്ധിച്ച രജിസ്റ്ററുകളോ കാൽക്കുലേഷൻ ഷീറ്റുകളോ സൂക്ഷിക്കുകയോ നല്കാനുള്ള പലിശ ബാധ്യതയായി കാണിക്കുകയോ ചെയ്യുന്നില്ല. പലിശയുടെ കണക്കുകൾ സഹിതം ഉൾപ്പെടുത്തി ലോൺ രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

8. ഐ 18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ് പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജേണൽ എൻട്രികൾ പ്രകാരം അഡ്ജസ്റ്റ്മെന്റുകൾ നടത്തിയതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

9. ബി 9 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് എന്ന ഇനത്തിൽ രേഖപ്പെടുത്തിയ 55137രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10. ബി 9 ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ 3766രൂപ ഒടുക്കുവാന് ബാക്കിയുള്ളതായി കാണുന്നു.

ഗവൺമെന്റ് & അദർ ഡ്യൂസ് പേയബിൾ ഇനത്തിൽ രേഖപ്പെടുത്തിയ 3545രൂപയും 30.11.12 മുതൽ തുടരുന്നതാണ്. ആയതിന്റെയും മറ്റ് ഹെഡുകളിൽ രേഖപ്പെടുത്തിയ തുകയുടെയും വിശദാംശങ്ങളും ലഭ്യമല്ല. സർക്കാരിലേക്കും വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കു വരുത്തേണ്ട തുക യഥാസമയം ഒടുക്കാതിരിക്കുന്നത് ശരിയല്ല.

11. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കും പ്രത്യേക ഉദ്ദേശ്യങ്ങൾക്കുമായി ലഭിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

12. ബി 4 ഷെഡ്യൂളിൽ വിവിധ ഫണ്ടിനങ്ങളുടെ നീക്കിയിരിപ്പായി ചേർത്ത തുകയും ബി 17 ഷെഡ്യൂളിൽ അതാത് ബാങ്ക് /ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി4ഷെഡ്യൂൾ പ്രകാരമുള്ള തുക | ബി 17 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| സംയുക്ത പദ്ധതികൾ | ₹26,21,710<br>(700000+1921710) | ടി എസ് ബി-ജോയിന്റ് വെഞ്ചർ അക്കൗണ്ട്-₹580787 |
| ഐ എ വൈ | 278258 | ടി എസ് ബി- ഐ എ വൈ--₹10,00,000<br>പി എൻ ബി,തളിപ്പറമ്പ - ഐ എ വൈ- ₹2004245 |
| ടി എസ് സി | 375145 | എസ് ബി ഐ തളിപ്പറമ്പ-₹298961 |

ജേണൽ എൻട്രി വഴി മുൻവർഷത്തെ നീക്കിയിരിപ്പിൽ ക്രമീകരണങ്ങൾ നടത്തിയതായി ലെഡ്ജറുകളിൽ ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വ്യക്തമാക്കുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ അനുബന്ധ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

13.ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ബാങ്ക് , ട്രഷറി അക്കൗണ്ടുകളുമായി ബന്ധപ്പെട്ട പ്രതിമാസ , വർഷാന്ത്യ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

14.തനതു ഫണ്ടിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ചെലവുകൾ സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിനങ്ങളും ഉൾപ്പെടുത്താനും ചെലവുകൾ കൃത്യമായി രേഖപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

15.മെഡിക്കൽ ഓഫീസർ - സി എച്ച് സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഹോണറേറിയം വിതരണം, സോളാർ പവർപ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗപ്പെടുത്തിയത് ശരിയല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ചെലവുകൾക്കായി വികസന ഫണ്ടാണ് വകയിരുത്തിയത്. മാർഗ്ഗരേഖാ നിർദ്ദേശ പ്രകാരം തനതു ഫണ്ട്, സംരക്ഷണ ഗ്രാന്റ്- റോഡിതരം,ജനറൽ പർപ്പസ് ഫണ്ട് തുടങ്ങിയവ ഉപയോഗപ്പെടുത്താനാണ് അനുമതിയുള്ളത്. പദ്ധതി നിർവ്വഹണം , മോണിറ്ററിംഗ് എന്ന

പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടത്തേണ്ട ടെണ്ടർ പരസ്യച്ചെലവുകളും ഓഫീസ് ചെലവുകളിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/20-21 തീയതി 14.03.22 ന് നല്കിയ മറുപടി തൃപ്തികരമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,12,87,846 |
| വരവ് | 10,23,02,850 |
| ആകെ | 12,35,90,696 |
| ചെലവ് | 11,67,93,395 |
| നീക്കിയിരിപ്പ് | 67,97,301 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 155000 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 4528480 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 53234405 | 53234405 | 52647646 | 586759 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9095775 | 9095775 | 7271609 | 1824166 |
| വികസന ഫണ്ട് – ടിഎസ് പി | 0 | 7040423 | 7040423 | 6664419 | 376004 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10000000 | 10000000 | 8212685 | 1787315 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 10000000 | 10000000 | 2952280 | 7047720 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 9283147 | 9283147 | 9262246 | 20901 |

## 1-4-1 കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ മറ്റ് രേഖകളോ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടില്ല.ചെക്ക് ഇഷ്യു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സംക്ഷിപ്ത വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ റീ കൺസിലിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് ബി 4 ഷെഡ്യൂൾ 2019-20 | വരവ് ആർ പി 31 , ആർ പി 7 2020-21 | ആകെ | നീക്കിയിരിപ്പ് ബി 4 , 2020-21 |
|---|---|---|---|---|
| ഐ.ഡബ്ല്യൂ.ഡി.പി | 300620 | 8260 | 308880 | 308880 |
| ഐ എ വൈ | 3815823 | 62435 | 3878258 | 278258 |
| ടി എസ് സി | 367627 | 7514 | 375141 | 375141 |
| ഐ.ഡബ്ല്യൂ.എം.പി | 329517 | 10021 | 339538 | 339538 |
| പൈക്ക | 193792 | 2489 | 196281 | 2489 |
| മറ്റ് ഗ്രാന്റുകൾ | 91250 | .. | 91250 | 91250 |
| കുടിവെള്ള പദ്ധതിക്കായുള്ള കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 976956 | 23905 | 1000861 | 1000861 |
| കേരളോത്സവം | 60000 | 0 | 60000 | 0 |
| ശുചിത്വമിഷൻ | 235789 | 80308 | 316097 | 0 |
| വില്ലേജ് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം-റവന്യൂ | 1104087 | .. | 1104087 | 0 |
| വില്ലേജ്പഞ്ചായത്തുകളിൽനിന്നുള്ള വിഹിതം,സ്പെസിഫിക്ക് പർപ്പസ് | 77000 | 350000 | 427000 | 0 |
| വില്ലേജ് പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം-ഐ.എ.വൈഹൗസിംഗ് | .. | 700000 | 700000 | 700000 |
| ജില്ലാ പഞ്ചായത്ത്-റവന്യൂ | 3163947 | 0 | 3163947 | 0 |
| ജില്ലാപഞ്ചായത്ത്-കേന്ദ്രാവിഷ്കൃത പദ്ധതി | 51282 | 0 | 51282 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്- സ്പെസിഫിക്ക് പർപ്പസ് | 4667312 | 0 | 4667312 | 1921710 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | 81186 | 0 | 81186 | 0 |
| ജില്ലാ പഞ്ചായത്ത് - കാപ്പിറ്റൽ | 0 | 1000000 | 1000000 | 0 |

വിവിധ പദ്ധതികൾക്കായി ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും ഗ്രാന്റ് വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. ജേണൽ എൻട്രികൾ വഴി ക്രമീകരണം നടത്തുന്നതായി ലെഡ്ജർ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം വിശദമാക്കിയിട്ടില്ല.

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 159 | 138642138 | 138 | 88549192 | 22 | 18 | 116 | 73 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സിഡിപിഒ (തളിപ്പറമ്പ, തളിപ്പറമ്പ അഡിഷണൽ 1&11) | 12 | 12 | 4738350 | 4227621 | 89.2 |
| സെക്രട്ടറി | 38 | 28 | 32574383 | 19912401 | 61.1 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 3250000 | 2475000 | 76.1 |
| മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 11 | 11 | 3858437 | 3638237 | 94.29 |
| എസ് സി ഡി ഒ | 3 | 2 | 2830000 | 2584684 | 91.3 |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 9 | 7 | 30208678 | 8017694 | 26.5 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ (തളിപ്പറമ്പ, ആലക്കോട്) | 9 | 9 | 7896496 | 5476164 | 69.3 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ | 3 | 3 | 975000 | 350000 | 35.9 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10 | 10 | 15462579 | 13341707 | 86.3 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 63 | 55 | 36848215 | 28525684 | 77.4 |
| ആകെ | 159 | 138 | 138642138 | 88549192 | 63.87 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2022-ന് ഉച്ചയ്ക്ക് 12.45 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്ക് വേണ്ടി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ നിർദ്ദേശിച്ച ചുമതലകൾക്കല്ലാതെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

കുടിവെള്ള പദ്ധതികൾക്കായും മറ്റും ഗ്രാമപഞ്ചായത്ത് പരിധികളിൽ ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അപേക്ഷ പ്രകാരമല്ലാതെ പദ്ധതികൾ നടപ്പാക്കുന്നതും ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പകൽ വീടുകൾ പണിയുമ്പോഴും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം ഉറപ്പു വരുത്താൻ ശ്രദ്ധിച്ചിട്ടില്ല എന്നത് അപാകമാണ്.ഗ്രാമപഞ്ചായത്ത് പരിധിയിൽ കെട്ടിടങ്ങൾ പണിയുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഫയലുകളിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതും കെട്ടിടങ്ങൾ നിശ്ചിത ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണം എഞ്ചിനീയറിംഗ് വിഭാഗവും ഇലക്ട്രിഫിക്കേഷൻ സെക്രട്ടറിയുമാണ് നടത്തുന്നത്.ഓഡിറ്റ് വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ പകൽ വീടുകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ഇതുമൂലം കാലതാമസം വന്നിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി (ലംപ്സം പ്രൊവിഷൻ അല്ല) എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
വ്യക്തിഗത ഗുണഭോക്താക്കൾക്ക് പശുവളർത്തലിന് ധനസഹായം നല്കിയത് ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള ധനസഹായം നല്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്തായിരുന്നു. ഗ്രൂപ്പ് രൂപീകരിക്കാതെ ഗ്രൂപ്പിന്റെ പേരിൽ വായ്പയെടുത്ത് വ്യക്തികൾക്ക് പശുവളർത്താൻ ധനസഹായം നല്കുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ആയത് ശരിയല്ല. കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ധനസഹായങ്ങൾ ഏത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്നോ ലഭിച്ചത് ഏത് വർഷത്തേക്കുള്ള പദ്ധതികൾക്കായാണെന്നോ പരിശോധിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബിഡിഒ യുടെ ചുമതലയിൽ വരുന്ന കാര്യങ്ങൾക്കായുള്ള ഫണ്ടിനങ്ങളും ത്രിതല ഭരണസംവിധാനത്തിന്റെ ഭാഗമായി നിർവ്വഹിക്കേണ്ട ചുമതലകൾക്കായി ലഭിക്കുന്ന ഫണ്ടിനങ്ങളും വേർതിരിച്ച് സൂക്ഷിക്കാതിരിക്കുന്നതും പരിശോധനയ്ക്ക് തടസമാകുന്നുണ്ട്.

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നില്ല എന്നതും അപാകമാണ്.

ബജറ്റ് തയ്യാറാക്കുന്നതിൽ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പങ്കാളിത്തം ഇല്ലാതിരുന്നത് നടപടിക്രമങ്ങളിലുണ്ടായ ഗുരുതരമായ പിഴവാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പോലും ബജറ്റ് ചർച്ചകൾ നടന്നിട്ടില്ല എന്നാണ് മിനുട്സിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നത്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിലേക്കായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 ഗ്രാമസഭ

കോവിഡ് വ്യാപനത്തെ തുടർന്നുള്ള നിയന്ത്രണങ്ങൾ നിലനില്ക്കുന്നതിനാൽ 2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രാമസഭ ചേർന്നിട്ടില്ല.

## 1-9 കമ്മറ്റികളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക ശേഷം വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കിക്കൊണ്ട് മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചതായോ പദ്ധതി അവലോകനം നടത്തിയതായോ രേഖകളില്ല. വർക്കിംഗ് ഗ്രൂപ്പുകൾ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് അതാത് സ്റ്റാൻഡിംഗ് കമ്മറ്റികളും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്

സ്റ്റാൻഡിംഗ് കമ്മറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട് . സ്റ്റാൻഡിംഗ് കമ്മറ്റികളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കുന്നില്ല എന്നാണ് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നത്.

വിശദമായ ബജറ്റ് രൂപീകരണ ചർച്ചകൾ സ്റ്റാൻഡിംഗ് കമ്മറ്റികളിലൊന്നും തന്നെ നടന്നതായി മിനുട്സുകളിൽ രേഖപ്പെടുത്തലുകളില്ല. ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യപ്പെടുന്നില്ല എന്നതും അപാകമാണ്.

## 1-10 രജിസ്റ്റർ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ 31.03.2020 തീയതി വരെ കാലികമാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ , അഡ്വാൻസ് രജിസ്റ്റർ , ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങി അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്നത് ഗുരുതരമായ അപാകമാണ്.തനതു വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലും വർഷാവസാന സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 അസറ്റ് മാനേജ്മെന്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അടിസ്ഥാന നികുതി ഒടുക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന ഭൂമിയുടെ അടിസ്ഥാന നികുതി നാളിതു വരെ അതാത് വില്ലേജ് ഓഫീസുകളിൽ ഒടുക്കു വരുത്തിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ അറിയിച്ചത് . ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച കൃത്യമായ കണക്കുകൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അടിസ്ഥാന നികുതി കൃത്യമായി ഒടുക്കു വരുത്തേണ്ടതുമാണ് .

ആസ്തിസംരക്ഷണ പ്ലാൻ തയ്യാറാക്കിയിട്ടില്ല
ബ്ലോക്ക് പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിനായി വാർഷിക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല സംരക്ഷണ ഗ്രാന്റ് വിനിയോഗം നടത്തുന്നത്. സംരക്ഷണ ഗ്രാന്റ് അനുവദനീയമല്ലാത്ത പദ്ധതികൾക്കു വേണ്ടിയും വകയിരുത്തി ചെലവഴിക്കുന്നുണ്ട്. ഉദാഹരണമായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ , പാരാമെഡിക്കൽ സ്റ്റാഫ്, ഫിസിയോ തെറാപ്പിസ്റ്റ് തുടങ്ങിയവർക്ക് ഹോണറേറിയം നല്കുന്നതിനായി സംരക്ഷണ ഗ്രാന്റാണ് ചെലവഴിച്ചിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ് അനുവദനീയമായ ചെലവുകൾക്കു മാത്രം ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വാടക കുടിശിക വർധിച്ചു വരുന്നു- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

തളിപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ സി.5-43163/99/കെ.ഡി.എസ്, തീയതി 08.03.2000-ലെ ബൈലോയിലെ ക്രമ നമ്പർ 19 പ്രകാരം മുറി അനുവദിക്കപ്പെട്ടയാൾ പ്രതിമാസ വാടക അതാതു മാസം 5-ാം തീയതിക്കകം പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതാണെന്നും, വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടവാക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് 18 ശതമാനം പലിശയോടുകൂടി അടവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ വാടകക്കാരിൽ നിന്നും കൃത്യമായി വാടക ഈടാക്കാതിരിക്കുന്നത് ബൈലോ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. വാടക കുടിശിക വരുത്തുന്നവർക്കെതിരെ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതും തനതു വരുമാനചോർച്ച ഒഴിവാക്കേണ്ടതുമാണ് . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അമ്മാനപ്പാറ മിനി വ്യവസായ എസ്റ്റേറ്റ്, പരിയാരം

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | സജ്ന കെ | XVIII/651B | 1500 | 9/20മുതൽ 3/21 വരെ | 7x1500=10500+പലിശ |

| | | | | | |
|---|---|---|---|---|---|
| 2 | ജെന്നി ഗ്രേയ്സ് | XVIII/651D | 1500 | 12/19മുതൽ 3/21 വരെ | 16X1500=24000+പലിശ |
| 3 | ജെന്നി ഗ്രേയ്സ് | XVIII/651E | 1500 | 4/19മുതൽ 3/21 വരെ | 24X1500=36000+പലിശ |
| 4 | രമ്യ ബിനോയി | XVIII/651H | 7500 | 10/20 മുതൽ 3/21 വരെ | 6x7500=45000+പലിശ |

2) നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ്, ആലക്കോട്

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | ജോസ് തോമസ് | XV/326H | പഴയ വാടക1500 | 11/14 മുതൽ 3/17 വരെ | 29x1500=43500+പലിശ<br>48x2250= 108000+പലിശ<br>43500+ 108000+പലിശ<br>=151500+പലിശ |
| | | | പുതുക്കിയ വാടക2250 | 4/17 മുതൽ 3/21 വരെ | |
| 2 | കെ.കെ കൃഷ്ണൻ കുട്ടി | XV/5 | പഴയ വാടക1500 | 4/17 മുതൽ 11/17 വരെ | 8x1500=12000+പലിശ<br>50x3000=150000+പലിശ<br>12000+150000+പലിശ<br>=162000+പലിശ |
| | | | പുതുക്കിയ വാടക 3000 | 12/17 മുതൽ 3/21 വരെ | |
| 3 | സതീഷ് രവീന്ദ്രൻ | XV/8 | 2250 | 6/19 മുതൽ 3/21 വരെ | 22x2250=49500+പലിശ |
| 4 | സിജോ ജോൺ | XV/175 | 3000 | 8/20 മുതൽ 3/21 വരെ | 8x3000=24000+പലിശ |
| 5 | ട്ടൂ ഫിസ്റ്റ് കമ്പനി | XV/179A | 4000 | 11/20 മുതൽ 3/21 വരെ | 5x4000=20000+പലിശ |

3) നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ്, പരിയാരം

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | ഒ.വി വിജയൻ | VI/5 | 3300 | 8/20 മുതൽ 3/21 വരെ | 8x3300=26400+പലിശ |
| 2 | അബ്ദുൾ റഷീദ് പി | VI/8 | പഴയ വാടക 2000 | 9/14 മുതൽ 3/17വരെ | 31x2000=62000+പലിശ<br>48x3000=144000+പലിശ<br>62000+144000+പലിശ<br>206000+പലിശ |
| | | | പുതുക്കിയ വാടക 3000 | 4/17 മുതൽ 3/21 വരെ | |
| 3 | രതീഷ് കുമാർ പി.ആർ | VI/3 | 2600 | 10/20മുതൽ 3/21 വരെ | 6x2600=15600+പലിശ |

| | | | | | |
|---|---|---|---|---|---|
| 4 | ബാബു കെ.പി | VI/6 | 2250 | 9/20മുതൽ 3/21 വരെ | 7x2250=15750+പലിശ |

4) കുറുമാത്തൂർ മിനി വ്യവസായ എസ്റ്റേറ്റ്,കുറുമാത്തൂർ

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നമ്പർ | ഈടാക്കേണ്ട മാസവാടക | വാടക കുടിശ്ശികയായ കാലയളവ് | ഈടാക്കേണ്ട ആകെ മാസവാടക |
|---|---|---|---|---|---|
| 1 | പി ബാലകൃഷ്ണൻ നമ്പ്യാർ | VI/5 | പഴയ വാടക @2000 | 12/16 മുതൽ 3/17 വരെ | 4x2000 =8000+പലിശ<br>48x2400=115200 +പലിശ |
| | | | പുതുക്കിയവാടക @2400 | 4/17 മുതൽ 3/21 വരെ | 8000+ 115200+പലിശ =123200+പലിശ |

കുടിശ്ശിക സംബന്ധിച്ചും നിമാനുസൃത വാടക വർദ്ധനവ് സംബന്ധിച്ചും 21.03.2022-ന് നൽകിയ 29-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശികയും, വാടക വർദ്ധനവും വിശദമായി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള മുഴുവൻ തുകയും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ബ്ലോക്ക് പദ്ധതി ഡോക്യുമെന്റേഷൻ-ടെണ്ടർ രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 165/2020-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ടിന്റെ പേര് | ബ്ലോക്ക് പദ്ധതി ഡോക്യുമെന്റേഷൻ |
| അടങ്കൽ | 200000 തനത് ഫണ്ട് |
| ചെലവ് | 1,57,065 ചെലവ് രേഖകൾ പ്രകാരം |
| വൗച്ചർ നം. | ചെക്ക് നം.5840822/29.01.21 |

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ വർഷങ്ങളായി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനാണ് മേൽ പ്രൊജക്ട്.ടി പദ്ധതിയിൽ ഉൾപ്പെടുത്തി കതിർ വികസന വിസ്മയങ്ങളുടെ നേർക്കാഴ്ച എന്ന പുസ്തകത്തിന്റെ 7000 കോപ്പി അച്ചടിക്കാൻ 1,05,000 രൂപ തളിപ്പറമ്പ കോപറേറ്റീവ് പ്രസ്സിന് നൽകിയിട്ടുണ്ട്. ടെണ്ടർ/ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ,ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. മേൽ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് (23/20.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മറുപടി ലഭ്യമാക്കി അപാകം ഒഴിവാക്കേണ്ടതാണ്.

## 1-14 പകൽവീടുകൾക്ക് ഫർണിച്ചർ വാങ്ങിയതിലെ അപാകങ്ങൾ-₹165000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രേജക്ടിന്റെ പേര് | പകൽ വീടുകൾക്ക് ഫർണിച്ചർ |
| പ്രൊജക്റ്റ് നം | 170/20-21 Spill Over 132/19-20 |
| അടങ്കൽ | 171000 മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | 165000 |
| വൗച്ചർ നം. | 23/29.11.20 |

പട്ടുവം,അമ്മാനപ്പാറ,ചെറുവാച്ചേരി,കുളാമ്പി,ജയഗിരി,വെള്ളാട് എന്നീ പകൽ വീടുകൾക്ക് മേശ,കസേര തുടങ്ങിയ

ഫർണിച്ചറുകൾ വാങ്ങുന്നതിനാണ് മേൽ പ്രൊജക്റ്റ്.24.10.19 ലെ ക്വട്ടേഷൻ പരസ്യനോട്ടീസ് പ്രകാരം 5 അടി നീളം,2 അടി വീതി -Metal Frame 20 Guage Mica Top Board മേശകളും വെർജിൻ പ്ലാസ്റ്റിക് ആം ചെയറുകൾക്കുമാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്.ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ എൻക്വയറി നം.27/21.3.22 പ്രകാരം നൽകിയതിന് ലഭിച്ച മറുപടി കൂടി പരിഗണിച്ച് നിലനിൽക്കുന്ന അപാകങ്ങളാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്നത്.

A)അസിം ഡിസൈനിംഗ് ,മൊണാൽ ട്രേഡിംഗ് പഴയങ്ങാടി എന്നിവരുടെ ടെണ്ടറുകളാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. 24.10.19 ലെ ക്വട്ടേഷൻ ക്ഷണപ്രകാരം അസിം ഡിസൈനിംഗ് കോഴിക്കോട്,മൊണാൽ ട്രേഡിംഗ് പഴയങ്ങാടി എന്നീ 2 പ്രൊപ്പോസലുകൾ ലഭിച്ചതായാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്.എന്നാൽ ആയത് പരിഗണിക്കാതെ 27.12.19 ന് റീടെണ്ടർ വിളിക്കുകയും മൊണീൽ ട്രേഡിംഗ് പഴയങ്ങാടിയുടെ സിംഗിൾ ടെണ്ടർ ഭരണസമിതിയുടെ 26.2.20 ലെ 3/18/20 നം തീരുമാനപ്രകാരം അംഗീകരിക്കുകയുമാണുണ്ടായത്.രണ്ടു പ്രൊപ്പോസലുകൾ ലഭിച്ചിട്ടും റീടെണ്ടർ വിളിക്കാനിടയായ സാഹചര്യം വ്യക്തമല്ല.

B)മേൽ പരാമർശിച്ച സ്പെസിഫിക്കേഷനുള്ള മേശയ്ക്ക് എന്നിവയ്ക്ക് താഴെപ്പറയുന്ന പ്രകാരമാണ് നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത്.

| ഇനം | വില |
|---|---|
| അസിം ഡിസൈനിംഗ്,കോഴിക്കോട് | 2985 |
| മൊണാൽ ട്രേഡിംഗ് പഴയങ്ങാടി | 6500 |

കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത മൊണാൽ ട്രേഡിംഗ് പഴയങ്ങാടിയിൽ നിന്നാണ് പർചേസ് നടത്തിയിരിക്കുന്നത്.

മൊണാൽ ട്രേഡിംഗ് പഴയങ്ങാടി താഴെപ്പറയുന്ന നിരക്കിലാണ് കസേരയ്ക്ക് തുക ക്വാട്ട് ചെയ്തിരിക്കുന്നത്.

| | |
|---|---|
| നിൽക്കമൽ 2071 | 475 |
| നിൽക്കമൽ 2160 | 495 |
| ഇൻറ്റിമേറ്റ് | 310 |

എന്നാൽ ഇൻവോയ്സ് നം.MTC0013/7.9.2020 പ്രകാരം ₹734 വിലയുള്ള ചെയർ ആണ് വാങ്ങിയിരിക്കുന്നത്.ക്വാട്ട് ചെയ്യാത്ത നിരക്കിലുള്ള ചെയർ വാങ്ങിയതിന്റെ കാരണം വ്യക്തമല്ല.
എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി മേൽ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചതായും അസിം ഡിസൈനിംഗ്,കോഴിക്കോടിന്റെ ₹2985 യുടെ മേശ വളരെ ഗുണനിലവാരം ഇല്ലാത്തതിരുന്നതിനാൽ ₹6500 വിലയുള്ള മൊണാൽ ട്രേഡിംഗ് പഴയങ്ങാടിയുടെ മേശ വാങ്ങാൻ തീരുമാനിച്ചതായും ക്വാട്ട് ചെയ്ത കസേരകളൊന്നും ഗുണനിലവാരമില്ലാത്തതിനാൽ ₹734 രൂപയുടെ നീൽ കമൽ മജെസ്റ്റിക് മോഡേൺ കസേര മൊണാൽ ട്രേഡിംഗ് പഴയങ്ങാടിയിൽ നിന്നും വാങ്ങാൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്.എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 9.6.20 നാണ് പ്രൊക്യൂർമെന്റ് കമ്മറ്റി പ്രസ്തുത തീരുമാനം എടുത്തിരിക്കുന്നത്.എന്നാൽ ഭരണ സമിതി 26.02.20 ന തന്നെ മൊണാൽ ട്രേഡിംഗ് പഴയങ്ങാടിയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിന് മുൻപ് ഭരണസമിതി അംഗീകരിക്കാനിടയായ സാഹചര്യം വ്യക്തമല്ല.

C)ഇൻവോയ്സ് നം.MTC0013/7.9.2020 പ്രകാരം 12 CFL ലൈറ്റുകൾ,6 ഫാനുകൾ എന്നിവ വാങ്ങിയിട്ടുണ്ട്.എന്നാൽ ടെണ്ടർ നോട്ടീസ് പ്രകാരം മേശയും കസേരയും മാത്രമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.ഫാൻ,ലൈറ്റ് എന്നിവ ഇരു സ്ഥാപനങ്ങളും ക്വാട്ട് ചെയ്തിട്ടില്ല.

D)പട്ടുവം,അമ്മാനപ്പാറ,ചെറുവാച്ചേരി എന്നീ പകൽ വീടുകൾക്ക് ഫർണിച്ചർ വിതരണം ചെയ്ത രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ ചെലവു തുകയായ₹165000 തടസ്സപ്പെടുത്തുന്നു.പരാമർശിച്ചിരിക്കുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 കോവിഡ് 19-മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് തൊഴിലാളികൾക്ക് മാസ്ക് വിതരണം -വിതരണ രേഖകൾ ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോവിഡ് 19 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് തൊഴിലാളികൾക്ക് മാസ്ക് വിതരണം |
| പ്രൊജക്റ്റ് നം | 166/20-21 |
| അടങ്കൽ | 90000 തനത് ഫണ്ട് |
| ചെലവ് | 85500 |
| വൗച്ചർ നം. | ചെക്ക് നം.0708207/6.10.20 |

ബ്ലോക്കിന് കീഴിലുള്ള 9 ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ തൊഴിലാളികൾക്ക് മാസ്ക് വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്റ്റ്.കെ.എം സ്റ്റോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേന 9000 എണ്ണം വാങ്ങി സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. വിതരണ രേഖകൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.എൻക്വയറി (23/20.3.22)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 വിലയാർകോട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതി ലൈൻ വലിക്കൽ -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് പേര് | വിലയാർകോട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതി ലൈൻ വലിക്കൽ |
| പ്രൊജക്റ്റ് നമ്പർ | 138/20-21 |
| | |
| അടങ്കൽ | 80000 വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 67516 |
| വൗച്ചർ നം. | UTR നം.U00000786872538 |

വിലയാർകോട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതി ലൈൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബി യിൽ 67516 രൂപ 15.5.20 ന് ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (30/21.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-17 വിവിധ പട്ടികജാതി കോളനികളിൽ ഫർണിച്ചർ അനുബന്ധ സൗകര്യം ഒരുക്കൽ-അപാകങ്ങൾ-₹89600 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | വിവിധ പട്ടികജാതി കോളിനകളിൽ ഫർണിച്ചർ അനുബന്ധ സൗകര്യം ഒരുക്കൽ |
| പ്രൊജക്റ്റ് നം | 172/20-21 Spill Over 188/19-20 |
| അടങ്കൽ | 100000 വികസന ഫണ്ട്(എസ്.സി.പി.) |
| ചെലവ് | 89600 |
| വൗച്ചർ നം. | 18/11.11.20 |

ഇൻവോയ്സ് നം.MTC0014/7.9.2020 പ്രകാരം മൊണാൽ ട്രേഡിംഗ് പഴയങ്ങാടി യിൽ നിന്നും 70 കസേര, 2 മേശ, 2

അലമാര, 6 സി.എഫ്.എൽ ലാമ്പ്, 4 ഫാൻ എന്നിവ വാങ്ങിയിട്ടുണ്ട്. തേർത്തല്ലി, പട്ടുവം എന്നിവിടങ്ങളിലെ പട്ടികജാതി കോളനിയിലെ സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്നതിനാണ് മേൽ ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നത്.

എ)മൊണാൽ ട്രേഡിംഗ് പഴയങ്ങാടി 6.1.20 ന സമർപ്പിച്ച ക്വട്ടേഷനിൽ ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്.

| ഇനം | ക്വാട്ട് ചെയ്ത നിരക്ക് | വാങ്ങിയ വില |
|---|---|---|
| നിൽകമൽ (ആം ചെയർ )Model 2071 | 475 | 734 |
| നിൽകമൽ (ആം ചെയർ )Model 2160 | 495 | |
| മേശ(1 Drawer,1 Cupboard,Novapan Top) | 3500 | 6500 |

ആയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(27/21.3.22) താഴെപ്പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റി മേൽ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് ഗുണനിലവാരം പരിശോധിച്ചതായും ₹6500 വിലയുള്ള മേശ വാങ്ങാൻ തീരുമാനിച്ചതായും ക്വാട്ട് ചെയ്ത കസേരകളൊന്നും ഗുണനിലവാരമില്ലാത്തതിനാൽ ₹734 രൂപയുടെ നീൽ കമൽ മജെസ്റ്റിക് മോഡേൺ കസേര വാങ്ങാൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 9.6.20 നാണ് പ്രൊക്യൂർമെന്റ് കമ്മറ്റി പ്രസ്തുത തീരുമാനം എടുത്തിരിക്കുന്നത്. എന്നാൽ ഭരണ സമിതി 26.02.20 ന തന്നെ ടെണ്ടർ നിരക്ക്അംഗീകരിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിന് മുൻപ് ഭരണസമിതി അംഗീകരിക്കാനിടയായ സാഹചര്യം വ്യക്തമല്ല.

ബി)ലഭ്യമായ ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ ടെണ്ടറിൽ ക്വാട്ട് ചെയ്തത് തന്നെയാണോ എന്ന് വ്യക്തമല്ല.ഇൻവോയ്സിൽ പരാമർശമില്ല.പട്ടിക ജാതികമ്മ്യൂണിറ്റി ഹാൾ ,തേർത്തല്ലിക്ക് ഫർണിച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിലുണ്ട്.(35 കസേര,1മേശ ,1 അലമാര,3 സി.എഫ്.എൽ ലാമ്പ്,2 ഫാൻ).മറ്റു വിതരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ നിലനിൽക്കുന്നതിനാൽ ചെലവുതുകയായ ₹89600 തടസ്സപ്പെടുത്തുന്നു.

## 1-18 ബ്ലോക്ക്-വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം- ലാപ്ടോപ്,സ്കാനർ എന്നിവ ലഭ്യമായില്ല.₹222800-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ടിന്റെ പേര് | ബ്ലോക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം |
| പ്രൊജക്റ്റ് നം | 154/20-21 |
| അടങ്കൽ | 222800 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 222800 |
| വൗച്ചർ നം. | 21/25.11.20 |

ബ്ലോക്കിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ സി.ഡി.പി.ഒ ഓഫീസ്,ക്ഷീര വികസന ഓഫീസ്,പട്ടിക ജാതി വികസന ഓഫീസ് എന്നീ സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ Cprcs മുഖേന വാങ്ങിക്കുന്നതിനാണ് മേൽ പ്രൊജക്ട്.പ്രൊഫോമ ഇൻവോയ്സ് നം.20336/18.11.20 പ്രകാരം ₹30527 വിലയുള്ള 6 ലാപ്ടോപുകളും ₹19819 വിലയുള്ള 2 സ്കാനറുകളുംവാങ്ങുന്നതിനായി ₹222800 , 25.11.20 ന് കെൽട്രോണിന് അഡ്വാൻസായി നൽകിയിട്ടുണ്ട്. ലാപ്ടോപുകൾ നിലവിൽ ലഭ്യമായിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറി (30/21.3.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹222800-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലാപ്ടോപ് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ,വിതരണ രേഖകൾ എന്നിവ

ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിന്റെ മുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം,അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല-₹11,13,580 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് പേര് | ബ്ലോക്കിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സോളാർ പാനലിംഗ് |
| പ്രൊജക്റ്റ് നം | 151/2020-21 |
| അടങ്കൽ | 1344799 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 1113580 |
| ബിൽ നം./തിയതി | 21/25.11.20 |

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിന്റെ മുകളിൽ 10Kw (Type B-3600Wh/KW)സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 25.11.20 ന് അനെർട്ടിന് ₹1113580 ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ) പ്രവൃത്തിയുടെ കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ബി)ടാക്സ് ഇൻവോയ്സ് നം.U3-0988 പ്രകാരം ₹10,86,553 ആണ് ചെലവ് തുക. അതനുസരിച്ച് 27027/- രൂപ ആണ് ബാക്കി വരേണ്ടത്. എന്നാൽ അനെർട്ടിന്റെ 20.10.21 തിയതിയിലെ കത്ത് പ്രകാരം ₹10,961 ആണ് ഉപയോഗിക്കാതെ ബാക്കിയുള്ളത്. ടി കത്തിൽ പരാമർശിക്കുന്ന ₹16066 യുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സി)സോളാർ പാനലിന്റെ തുടർ പരിപാലനവുമായി ബന്ധപ്പെട്ട് അനെർട്ടുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് രേഖപ്പെടുത്തിയിട്ടില്ല.

ഡി)MNRE സബ്സിഡി ലഭ്യമായിട്ടില്ല. അനർട്ടുമായി ബന്ധപ്പെട്ട് , ആയത് ലഭ്യമാകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ)സോളാർ പാനൽ സ്ഥാപിച്ചതുകൊണ്ട് ടി സ്ഥാപനത്തിന്റെ കറന്റ് ബില്ലിൽ കുറവു വന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ വിഷയങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ എൻക്വയറിക്ക് (18/18.3.22)മറുപടി ലഭ്യമാക്കിയിട്ടില്ല. ₹1113580/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-20 വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി അപാകങ്ങൾ- 550000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ്

പ്രൊജക്ടിന്റെ പേര് : വനിതാ പശുവളർത്തൽ യൂണിറ്റ്

പ്രൊജക്ട് നമ്പർ - 20/20-21

അടങ്കൽ തുക : ₹550000 വികസന ഫണ്ട്

ചെലവ് തുക : ₹550000

ബിൽ നമ്പർ/തീയ്യതി : 10/20.3.21/137500
11/27.3.21/137500
12/27.3.21/137500
13/31.3.21/137500

മേൽ പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്കിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ 5വനിതാ അംഗങ്ങൾ അടങ്ങിയ 4 ഗ്രൂപ്പുകൾക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോ അംഗത്തിനും ഒരു കറവപശുവിനെ വാങ്ങുന്നതിനായി പശു ഒന്നിന് 27500 രൂപ പ്രകാരം 1 ഗ്രൂപ്പിന് 137500 രൂപ വെച്ച് 4 ഗ്രൂപ്പുകൾക്ക് (നന്ദിനി ജെ.എൽ.ജി, സുനന്ദിനി ജെ.എൽ.ജി, കാമധേനു ജെ.എൽ.ജി, സുനന്ദിനി ജെ.എൽ.ജി) 550000രൂപ (137500x4) ബാക്ക് എന്റ്

സബ്സിഡിയായി വിവിധ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ഗ്രൂപ്പ് സംരംഭത്തിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും വ്യക്തിഗത സംരംഭം എന്ന നിലയ്ക്കാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. യൂണിറ്റായി പ്രവർത്തിക്കുന്നില്ലെന്നും പശുക്കളെ ഓരോ വ്യക്തികളും അവരവരുടെ വീടുകളിലാണ് വളർത്തുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. മേൽ പദ്ധതി കേരള പഞ്ചാത്ത് രാജ് ആക്ട് നാലാം പട്ടിക 172ാം വകുപ്പ് 1ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടതല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട്, ഗ്രൂപ്പ് സംരംഭമായാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും വ്യക്തികൾക്ക് ആനുകൂല്യം നല്കിയതിന് വിശദീകരണം നൽകുന്നതിനും, ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതി ഏറ്റെടുത്തതിന്റെ മാനദണ്ഡം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി 18.3.22 നൽകിയ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ 550000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 വനിതാ പശുവളർത്തൽ യൂണിറ്റ് - സ്പിൽ ഓവർ പദ്ധതി അപാകങ്ങൾ -1237500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ്

പ്രൊജക്ടിന്റെ പേര് : വനിതാ പശുവളർത്തൽ യൂണിറ്റ് (സ്പിൽ ഓവർ )

പ്രൊജക്ട് നമ്പർ - 119/20-21

അടങ്കൽ തുക : ₹1237500 വികസന ഫണ്ട്

ചെലവ് തുക : ₹1237500

ബിൽ നമ്പർ/തീയ്യതി : 11/19-20 /21.4.20/275000

12/19-20//21.4.20 /137500

13/19-20/22.4.20/137500

14/19-20/13.5.20 /275000

1/20-21/11.6.20/137500

2/20-21/11.6.20/137500

3/20-21/11.6.20/137500

ആകെ - 1237500

മേൽ പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്കിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ 5വനിതാ അംഗങ്ങൾ അടങ്ങിയ 9 ഗ്രൂപ്പുകൾക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോ അംഗത്തിനും ഒരു കറവപശുവിനെ വാങ്ങുന്നതിനായി പശു ഒന്നിന് 27500 രൂപ പ്രകാരം 1 ഗ്രൂപ്പിന് 137500രൂപ വെച്ച് 9 ഗ്രൂപ്പുകൾക്ക് (നന്ദിനി ജെ.എൽ.ജി, ഉദയ ജെ.എൽ.ജി, സൂര്യ ജെ.എൽ.ജി, തേജസ് ജെ.എൽ.ജി, സമൃതി ജെ.എൽ.ജി, സംസ്കൃതി ജെ.എൽ.ജി ഹരിശ്രീ ജെ.എൽ.ജി, ഗോമതി ജെ.എൽ.ജി, അമൃതം ജെ.എൽ.ജി) 1237500 രൂപ (137500x9) ബാക്ക് എന്റ് സബ്സിഡിയായി വിവിധ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ഗ്രൂപ്പ് സംരഭത്തിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും വ്യക്തിഗത സംരംഭം എന്ന നിലയ്ക്കാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. യൂണിറ്റായി പ്രവർത്തിക്കുന്നില്ലെന്നും പശുക്കളെ ഓരോ വ്യക്തികളും അവരവരുടെ വീടുകളിലാണ് വളർത്തുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. മേൽ പദ്ധതി കേരള പഞ്ചാത്ത് രാജ് ആക്ട് നാലാം പട്ടിക 172 ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടതല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളായ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം, പ്രൊജക്ട് ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ മാനദണ്ഡം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ സംബന്ധിച്ച് 18.3.22 നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . ആയതിനാൽ 1237500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സമൃദ്ധി റിവോൾവിംഗ് ഫണ്ട് , പലിശ സബ്സിഡി - അധികതുക പിൻവലിച്ചതും മറ്റ് അപാകങ്ങളും - 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല,50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ

പ്രൊജക്ട് നമ്പർ -45/20, 29/2020-21(സ്പിൽ ഓവർ),സമൃദ്ധി റിവോൾവിംഗ് ഫണ്ട് ,പലിശ സബ്സിഡി

അടങ്കൽ

വികസനഫണ്ട് - ₹200000

ചെലവ് -₹ 200000

ബിൽ നമ്പർ/തീയ്യതി – 7/20.01.21

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുൻവർഷങ്ങളിൽ കറവ പശുക്കളെ വാങ്ങുന്നതിന് 5 ലക്ഷം മുതൽ 10 ലക്ഷം വരെ ബാങ്ക് വായ്പ എടുത്ത് കൃത്യമായി തിരിച്ചടച്ച് കൊണ്ടിരിക്കുന്ന 2 വ്യക്തികൾക്ക് 50000 രൂപ പലിശ സബ്സിഡിയും 10 ലക്ഷം വരെ ലോൺ എടുക്കുന്ന 2 സംരംഭകർക്ക് 50000 രൂപ നിരക്കിൽ റിവോൾവിംഗ് ഫണ്ടും നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.
സംരംഭം ആരംഭിച്ച് ഒരു വർഷം കഴിയുമ്പോൾ തവണ തുകകൾ കൃത്യമായി തിരിച്ചടക്കുന്ന ഗുണഭോക്താക്കൾക്കാണ് പലിശ സബ്സിഡിക്ക് അർഹത. പൊതുധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തവരാകണം ഗുണഭോക്താക്കൾ . റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി 4 വർഷം കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ തുടങ്ങുന്ന അക്കൗണ്ടിലേക്ക് അടക്കണം.

പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താകൾക്കാണ് തുക അനുവദിക്കേണ്ടത്. എന്നാൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ ഷീജ കെ.സി (W/o നാരായണൻ) എന്ന ഒരു ഗുണഭോക്താവിനെ മാത്രമാണ് തിരഞ്ഞെടുത്തത്. പ്രസ്തുത ഗുണഭോക്താവിന് , 20.2.21 ന് ചെക്ക് നം. 023341 പ്രകാരം 50000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ തളിപ്പറമ്പ് ക്ഷീരവികസന ഓഫീസറുടെ പേരിലുള്ള കേരള ഗ്രാമീണ ബാങ്ക് കരിമ്പം ബ്രാഞ്ചിലുള്ള അക്കൌണ്ടിൽ നിന്നും (അക്കൌണ്ട് നമ്പർ 40493101053179) റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്.

ഗുണഭോക്താവ് സംരംഭം ആരംഭിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും സബ്സിഡിമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. കൊയ്യം സർവ്വീസ് സഹകരണ ബാങ്കിന്റെ 23.12.19 ലെ കത്ത് പ്രകാരം 900000രൂപയും തീയതി രേഖപ്പെടുത്താത്ത കത്ത് പ്രകാരം 600000രൂപയും വായ്പയെടുത്തതായി ഫയലിൽ കാണുന്നു. പത്ത് ലക്ഷം രൂപ വരെ വായ്പയെടുത്തവർക്കാണ് ആനുകൂല്യത്തിന് അർഹതയെന്നിരിക്കെ കൂടുതൽ തുക വായ്പയെടുത്ത ഗുണഭോക്താവിനെ പരിഗണിച്ചതിന്റെ കാരണവും വ്യക്തമാക്കപ്പെട്ടിട്ടില്ല. നാളിതു വരെയായി തിരിച്ചടച്ച റിവോൾവിംഗ് ഫണ്ടിന്റെ വിശദാംശങ്ങളും ആയത് ഉപയോഗപ്പെടുത്തി പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുള്ള വിവരങ്ങളും ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ രണ്ടു ഗുണഭോക്താക്കൾക്കു നല്കുന്നതിനാവശ്യമായ മുഴുവൻ തുകയും മുൻകൂറായി പിൻവലിച്ച് മേൽസൂചിപ്പിച്ച അക്കൌണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച് 19.3.22 നൽകിയ 19ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ചെലവായ 50000രൂപ കഴിച്ചുള്ള തുക നാളിതു വരെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാതിരുന്നതും ഗുരുതരമായ അപാകമാണ്. മേൽക്കാരണങ്ങളാൽ 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 50000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.
അധികമായി പിൻവലിച്ച തുക പലിശ സഹിതം സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. പരാമർശിച്ച രേഖകൾ ഹാജരാക്കി 50000രൂപയുടെ ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-23 വനിതാ പശുവളർത്തൽ യൂണിറ്റ് പദ്ധതി (ക്ഷീരവികസന ഓഫീസർ ആലക്കോട്) അപാകങ്ങൾ- 1100000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ക്ഷീരവികസന ഓഫീസർ, ആലക്കോട്

പ്രൊജക്ടിന്റെ പേര് : വനിതാ പശുവളർത്തൽ യൂണിറ്റ്

പ്രൊജക്റ്റ് നമ്പർ - 34/20-21

വികസനഫണ്ട്- 1100000

മറ്റുള്ളവ - 1100000

അടങ്കൽ : ₹2200000

ചെലവ് : ₹1100000 (വികസനഫണ്ട്)

ബിൽ നമ്പർ/തീയ്യതി : 4/27.3.21/550000

5/30.3.21/412500

6/30.3.21/137500

2020-21 വർഷം ക്ഷീരവികസന ഓഫീസർ, തളിപ്പറമ്പ് നിർവ്വഹണ ഉദ്യോഗസ്ഥനായി വനിതാ പശുവളർത്തൽ യൂണിറ്റ് എന്ന പദ്ധതിക്കായി 1100000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്കിന്റെ കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ 5വനിതാ അംഗങ്ങൾ അടങ്ങിയ 8 ഗ്രൂപ്പുകൾക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോ അംഗത്തിനും ഒരു കറവപശുവിനെ വാങ്ങുന്നതിനായി പശു ഒന്നിന് 27500 രൂപ പ്രകാരം 1

ഗ്രൂപ്പിന് 137500രൂപ വെച്ച് 8 ഗ്രൂപ്പിന് (ഗാന്ധി ജെ.എൽ.ജി, സൗഹൃദയ ജെ.എൽ.ജി, തേജസ് ജെ.എൽ.ജി, മഹാത്മ ജെ.എൽ.ജി, അനുഗ്രഹ ജെ.എൽ.ജി, ഹരിത ജെ.എൽ.ജി, തേജസ് ജെ.എൽ.ജി, മരിയ ജെ.എൽ.ജി) 1100000രൂപ (137500 X8) ബാക്ക് എന്റ് സബ്സിഡിയായി വിവിധ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ഗ്രൂപ്പ് സംരഭത്തിന് ധനസഹായം നൽകുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും വ്യക്തിഗത സംരംഭം എന്ന നിലയ്ക്കാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. യൂണിറ്റായി പ്രവർത്തിക്കുന്നില്ലെന്നും പശുക്കളെ ഓരോ വ്യക്തികളും അവരവരുടെ വീടുകളിലാണ് വളർത്തുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതി കേരള പഞ്ചാത്ത് രാജ് ആക്ട് നാലാം പട്ടിക 172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെട്ടതല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളായ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുന്നില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രം, പ്രൊജക്ട് ബ്ലോക്ക്പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ മാനദണ്ഡം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ സംബന്ധിച്ച് എന്നിവ സംബന്ധിച്ച് 18.3.22 നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ -ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, അഡീഷനൽ 2 |
| പ്രോജക്ടിന്റെ പേര് | 38/21ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ |
| അടങ്കൽ | ₹ 3,60,000 വികസനഫണ്ട് |
| ചെലവ് | ₹ 3,60,000വികസനഫണ്ട് |
| ബിൽ നമ്പർ/ തീയ്യതി | 2/28.03.2021/₹2,70,000<br>3/28.03.2021/₹90,000 |

പട്ടികയിൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിലെ നസീർ കെ കെ പി ക്ക് 08.03.21 ന് നൽകിയ സ്കൂട്ടർ (KL 2021 TR6838) അയൽവാസിയുടെ മുറ്റത്ത് പാർക്ക് ചെയ്ത അവസരത്തിൽ 09.03.2021 ന് കത്തി നശിച്ചതായി കണ്ടെത്തുകയും ആയത് സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. കേസിന്റെ പുരോഗതിയും വണ്ടിയുടെ ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിന്റെയും വിവരങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/14.03.22) കേസുമായി ബന്ധപ്പെട്ട നിയമനടപടികൾ പൂർത്തിയായാൽ മാത്രമെ ഇൻഷ്വറൻസ് ക്ലെയിം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നാണ്. കേസിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇൻഷ്വറൻസ് തുക ക്ലെയിം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ -ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, ആലക്കോട്,അഡീഷനൽ 2 |
| പ്രോജക്ടിന്റെ പേര് | 130/21 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ |
| അടങ്കൽ | ₹ 243000 വികസനഫണ്ട് |
| ചെലവ് | ₹ 243000വികസനഫണ്ട് |
| ബിൽ നമ്പർ/ തീയ്യതി | 3/18.05.20(2019-20 ട്രഷറി ബിൽ ബുക്ക് പ്രകാരം മാറിയത്) |

ആലക്കോട് , ചപ്പാരപ്പടവ്, നടുവിൽ എന്നീപഞ്ചായത്തുകളിലെ 3 ഗുണഭോക്താക്കൾക്ക് ₹ 243000 ചെലവഴിച്ച് കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ സ്കൂട്ടർ കൈപ്പറ്റിയ ആലക്കോട് ഗ്രാമ പഞ്ചായത്തിലെ രാജേഷ് വി ഡി എന്ന ഗുണഭോക്താവ് വാഹനം ഉപയോഗപ്രദമാക്കുന്നതിന്

ആവശ്യമായ ഡ്രൈവിംഗ് ലൈസൻസ് നേടിയതിന്റെ പകർപ്പ് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (3/14.03.22) ഉള്ള മറുപടിയിൽ ഗുണഭോക്താവിന് ഇതേവരെ ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചിട്ടില്ല എന്നും എത്രയും പെട്ടെന്ന് ആയത് ലഭ്യമാക്കി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസ് നേടി സ്കൂട്ടറിന്റെ പ്രയോജനം പൂർണമായ തോതിൽ ഗുണഭോക്താവിന് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 ഭരണസമിതി തീരുമാന പ്രകാരമുള്ള നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, അഡീഷനൽ 2 |
| പ്രോജക്ടിന്റെ പേര് | 72/21ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകൽ |
| അടങ്കൽ | ₹ 1,80,000 വികസനഫണ്ട് |
| ചെലവ് | ₹ 1,78,000വികസനഫണ്ട് |
| ബിൽ നമ്പർ/ തീയ്യതി | 3/27.03.2021/₹ 1,78,000 |

പട്ടികയിൽ പരാമർശിച്ച പ്രൊജക്ട് പ്രകാരം പട്ടുവം ഗ്രാമ പഞ്ചായത്തിലെ അബ്ദുള്ള കെ പി 20.03.21 ന് ന സ്കൂട്ടർ (TR No KL 2021 TR 6939) അനുവദിച്ചെങ്കിലും 19.05.21 ന് മരണപ്പെട്ടു. 25.06.21 ലെ ഭരണസമിതി തീരുമാനം നമ്പർ 76/2021(1) പ്രകാരം വാഹനം വീട്ടുകാരിൽ നിന്നും തിരികെ വാങ്ങി പുതിയ ഗുണഭോക്താവിന് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശം പാലിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6/14.03.22) നൽകിയ മറുപടിയിൽ ഭരണസമിതി തീരുമാനപ്രകാരം പട്ടുവം പഞ്ചായത്തിലെ തന്നെ ശ്രീ മുനീർ കെ പി എന്ന ഗുണഭോക്താവിന് നല്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാഹനം ഗുണഭോക്താവിന് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 ഒഴിഞ്ഞ ടാർ വീപ്പയുടെ വില ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 ൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില ,ജി എസ് ടി ഇവ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ജി ഒ (പി) 177/06 ധനം/12.04.06 ഖ 10.3 പാലിച്ച് തിരിച്ചടക്കണം. ആയത് പ്രകാരം തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തുക ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 തേർലായി കുടിവെള്ള പദ്ധതി - പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ , തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്ടിന്റെ പേര് | 163/21 തേർലായി കുടിവെള്ള പദ്ധതി ചെങ്ങളായി |
| അടങ്കൽ | ₹ 136000(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹720618 (പാർട്ട് ബിൽ) |

| | |
|---|---|
| ബിൽ നമ്പർ/ തീയ്യതി | 25/20.11.20 |
| കരാറുകാരന്റെ പേര് | സുബൈർ കെ എസ് |
| ആകെ പ്രവൃത്തി മൂല്യം | 643409 |
| എഗ്രിമന്റ് നം | AE/LSGD/TPBA/24/19-20/27.11.19 |
| ടി എസ് പ്രകാരം പൂർത്തീകരണ കാലാവധി | 1 വർഷം |

ചെങ്ങളായി ഗ്രാമ പഞ്ചായത്തിലെ 20 കുടുംബങ്ങൾക്ക് കുടിവെള്ളവിതരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചതും 2020-21 വർഷം തുടരുന്നതുമായ കുടിവെള്ള പദ്ധതിയാണ് തേർലായി കുടിവെള്ള പദ്ധതി. സാങ്കേതികാനുമതി നം LSGD/TS/2018-19/132518/13.02.2019 പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 1 വർഷമാണ്. 27.11.2019 ന് സൈറ്റ് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും 13,46,834/- രൂപയ്ക്ക് കരാറിലേർപ്പെട്ട കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ലഡാക്ക് കുടിവെള്ള പദ്ധതി - അപാകങ്ങൾ .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത്. |
| പ്രോജക്ടിന്റെ പേര് | 144/21 ലഡാക്ക് കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹880875 (വികസന ഫണ്ട് ,ജനറൽ)<br>₹ 119125 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹ 1,00,00(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹ 880875 |
| ബിൽ നമ്പർ/ തീയ്യതി | 3/27.05.20 |
| കരാറുകാരന്റെ പേര് | ടി എ ചന്ദ്രൻ |
| ആകെ പ്രവൃത്തി മൂല്യം | ₹1034745 |
| എഗ്രിമന്റ് നം | AE/LSGD/TPBA/38/18-19/31.03.19 |
| ടി എസ് പ്രകാരം പൂർത്തീകരണ കാലാവധി | 1 വർഷം |
| എം ബുക്ക് നം | 65/18-19 |

20 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച് 2020-21 വർഷം തുടരുന്ന കുടിവെള്ള പദ്ധതിയാണ് ലഡാക്ക് കുടിവെള്ള പദ്ധതി. വാട്ടർ ടാങ്ക് നിർമ്മാണം (20000 ലിറ്റർ) പൈപ്പ് ലൈൻ സ്ഥാപിക്കൽ, കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടി എ ചന്ദ്രൻ എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (Agt No. AE/LSGD/TPBA/38/2018-19/31.03.19). കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സാങ്കേതികാനുമതിയിൽ (98194/ 18-19/18.11.2018) പ്രവൃത്തി പൂർത്തീകരണ കാലയളവ് ഒരു വർഷമാണ്.പൈപ്പ് ലൈൻ സ്ഥാപിച്ച് ഗ്രാവിറ്റി മെത്തേഡിലൂടെ വെള്ളം കിണറിൽ നിന്നും ടാങ്കിൽ എത്തിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ₹10,34,745 പ്രവൃത്തി മൂല്യത്തിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം ₹880875 വികസന ഫണ്ടിൽ നിന്നുംഅനുവദിച്ചു.ബാക്കി തുകയായ153870 രൂപ ധനകാര്യ കമ്മീഷൻ ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് പകരം ലഡാക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം (പ്രൊജക്ട് നം174/21) എന്ന പ്രൊജക്ടിനായി വകയിരുത്തിയ തുകയിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 25/20-21/21.03.2022) നൽകിയെങ്കിലും മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കിയിട്ടില്ല.

1.153870 രൂപയുടെ ട്രഷറി ബിൽ ഹാജരാക്കിയിട്ടില്ല.

2. പ്രൊജക്റ്റ് നം 144/21 ന്റെ നടത്തിപ്പിനായി ധനകാര്യ കമ്മീഷൻഗ്രാന്റിൽ 119125 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽനിന്നും വ്യത്യസ്തമായി ₹153870 രൂപ അനുവദിച്ചത് ക്രമീകരിച്ചിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

3.പദ്ധതിക്കായി വകയിരുത്തിയ ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെയും ചെലവഴിച്ചതിന്റെയും രേഖകൾ

4.പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള വിതരണം എപ്പോഴാണ് ആരംഭിച്ചിട്ടുള്ളത് എന്നും ഏതെല്ലാം കുടുംബങ്ങൾക്കാണ് കുടിവെള്ള വിതരണം നൽകി വരുന്നതെന്നും വ്യക്തമാക്കുന്ന രേഖകൾ

4.കരാർ പ്രകാരം 31.03 2020 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 08.06.20 ന് മാത്രമാണ് പൂർത്തിയായിട്ടുള്ളത് . പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം നമ്പർ,തീയതി ഹാജരാക്കേണ്ടതാണ്.കാലതാമസത്തിന് പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽകിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ .

ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-30 ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ, നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ.ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് , ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തു വരുന്നത്. ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനും, ലഭിച്ചിട്ടില്ലെങ്കിൽ നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20.03.22) മറുപടി ഹാജരാക്കുകയുണ്ടായില്ല. ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ

2020-21 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്ക വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നല്കിയ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ ബാക്കിയുള്ളവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(ബ്ലോക്ക് പഞ്ചായത്ത് നല്കിയ പത്രിക പ്രകാരം തയ്യാറാക്കിയത്).

| ക്രമ നം | പ്രോജക്റ്റ് നമ്പർ , പേര് | ഗ്രാമപഞ്ചായത്ത് | നല്കിയതുക |
|---|---|---|---|
| 1 | 133/21,ചെക്ക്ഡാം നിർമ്മാണം വിഹിതം നല്കൽ | ഉദയഗിരി | 80000 |
| | | ആലക്കോട് | 150000 |
| 2 | 134/21,അംഗൻവാടി കെട്ടിടനിർമ്മാണം വിഹിതം നല്കൽ | ഉദയഗിരി | 300000 |
| | | ആലക്കോട് | 400000 |
| 3 | 132/21, ശ്മശാന നിർമ്മാണം വിഹിതം നല്കൽ | ഉദയഗിരി | 367280 |
| | | ആലക്കോട് | 367000 |
| | | പരിയാരം | 752120 |

| | | | |
|---|---|---|---|
| 4 | 180/21,നെല്ലിപ്പറമ്പ സാംസ്കാരിക നിലയം ചുറ്റുമതിൽ നിർമ്മാണം | പരിയാരം | 173812 |
| 5 | 139/21,പാറാട് ചെക്ക് ഡാം നിർമ്മാണം വിഹിതം നല്കൽ | കുറുമാത്തൂർ | 1000000 |
| 6 | 135/21,ആലക്കാട് പെരുവട്ടം കോളനി കുടിവെള്ള പദ്ധതി | ആലക്കോട് | 500000 |

വിഹിതം സ്വീകരിച്ച ഗ്രാമപഞ്ചായത്തുകളിലെ ഭരണസമിതി ധനസഹായത്തിനായി അപേക്ഷിക്കുന്നതിനായി എടുത്ത തീരുമാനം നമ്പർ, തീയതി, സ്ഥാപനങ്ങളുമായി ചമച്ച എഗ്രിമെന്റ് തുടങ്ങിയ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ, ഫോർവേഡ് ബാക്ക്‌വാർഡ് ലിങ്കേജ് സാധ്യമാകുന്ന വിധത്തിലുള്ള പദ്ധതികൾ, നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടു മാത്രം ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കാൻ ശ്രദ്ധിക്കേണ്ടതും ധനവിനിയോഗം നിശ്ചിത സമയപരിധിക്കകം നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച രേഖകളും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ് .

## 1-32 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ- ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 61/21, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ |
| അടങ്കൽ | 360000രൂപ(വികസനഫണ്ട് ജനറൽ) |
| ചെലവ് | 2,86,452 രൂപ (പ്രതിമാസം 30000രൂപ നിരക്കിൽ 15/05/20 മുതൽ) |
| കരാറുകാരൻ | ശ്രീ അബ്ദുൾ നാസർ. പി. കെ. |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 സി പ്രകാരം വെഹിക്കിൾ ഹയർ ചാർജ്ജസ് 1ലക്ഷം രൂപയിൽ കവിയുന്ന സംഗതികളിൽ പാൻ കാർഡ് ഉള്ള കരാറുകാരിൽ നിന്നും 1% നിരക്കിൽ ആദായനികുതി സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഇൻകം ടാക്സ് കുറവു ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/20-21,16.03.22 ന് മറുപടിയായി ആദായ നികുതി കുറവു ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി (₹2865) ഒടുക്കു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ഓഡിറ്റ് കാലയളവിൽ ടെണ്ടർ ഫോറം വിലയിനത്തിൽ എത്ര തുക വരവു വന്നിട്ടുണ്ട് എന്നും ആയത് കൃത്യമായി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് തീയതിയിൽ നീക്കിയിരിപ്പുള്ള ടെണ്ടർ ഫോറങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

## 1-34 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകി-₹5000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം | 4/20-21 |
| അടങ്കൽ | 9,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>23,50,000 വികസന ഫണ്ട്(ടി.എസ്.പി) |

| | |
|---|---|
| ചെലവ് | 7,35,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>17,40,000 വികസന ഫണ്ട്(ടി.എസ്.പി) |
| ബിൽ നം./തിയതി | 1/20-21 Dt 21.10.20-₹4,75,000 |

നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് അമൽദേവ് സി.വി എന്ന വിദ്യാർത്ഥി കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസിൽ നാലാം സെമസ്റ്റർ B.F.SC. വിദ്യാർത്ഥിയാണ്.സ.ഉ(കൈ)നം.22/2018/തസ്വഭവ തി:14.2.18 ഖ.7.2.5 പ്രകാരം ബിരുദവിദ്യാർത്ഥികൾക്ക് ₹20,000 ആണ് പ്രതി വർഷം സ്കോളർഷിപ്പായി നൽകേണ്ടത്.എൻജിനീയറിംഗ് സ്റ്റുഡൻസിന് നൽകേണ്ട നിരക്കിൽ ₹25,000 ആണ് 2020-21 വർഷം പ്രസ്തുത വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ആയി അനുവദിച്ചിരിക്കുന്നത്. (ബിൽ നം./തീയതി 1/20-21 തീയതി 21.10.2020) അധികം നൽകിയ ₹5000 നിരാകരിക്കുന്നു. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(8/14.3.22) തുക തിരിച്ചടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-35 വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതും പലിശ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്തതും

ഐ എ വൈ ഭവന നിർമ്മാണ പദ്ധതിക്കായി മാടായി സർവ്വീസ് സഹകരണ ബാങ്ക് കുപ്പം ശാഖയിൽ നിന്നും 69 ലക്ഷം രൂപയും ഇ എം എസ് ഭവന നിർമ്മാണ പദ്ധതിക്കായി പാപ്പിനിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 50 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വായ്പയെടുത്തിരുന്നു. ഐ എ വൈ ഭവന നിർമ്മാണ പദ്ധതിക്കായി 11 ശതമാനം പലിശ നിരക്കിലാണ് വായ്പയെടുത്തത്. ഇതിൽ 10.75% സംസ്ഥാന സർക്കാരും ബാക്കി തുക ബ്ലോക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും വഹിക്കണമെന്നാണ് വായ്പയെടുക്കാൻ അനുവദിച്ച കൊണ്ടുള്ള ഉത്തരവിൽ ( സ ഉ (കൈ) 115/13/എൽ എസ് ജി ഡി/ തീയതി 22.03.13) ൽ വ്യക്തമാക്കിയിരുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഈ രീതിയിൽ പലിശ കണക്കാക്കിയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. പലിശ സംബന്ധിച്ച ബാങ്കുകൾ നല്കുന്ന പത്രികകൾ അടിസ്ഥാനമാക്കി കണക്കുകൾ സർക്കാരിലേക്ക് അറിയിക്കുക മാത്രമാണ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിനെ പലിശ ബാധ്യതയിൽ നിന്നും ഒഴിവാക്കിയതായുള്ള ഉത്തരവുകളും ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് വിഹിതമായി ഒടുക്കേണ്ടുന്ന പലിശ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തുകയോ വർഷാ വർഷം പലിശ ഒടുക്കുകയോ ചെയ്യാതിരിക്കുന്നത് അപാകമാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/16.03.22 ന് നല്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് പലിശയിനത്തിൽ തുകയൊന്നും ഒടുക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത് . കൃത്യമായ കണക്കുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സമൃദ്ധി റിവോളിംഗ് ഫണ്ട് ഫണ്ട് , പലിശ സബ്സിഡി - അധികതുക പിൻവലിച്ചതും മറ്റ് അപാകങ്ങളും 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ

പ്രൊജക്ട് നമ്പർ -45/20, 29/2020-21(സ്പിൽ ഓവർ),സമൃദ്ധി റിവോളിംഗ് ഫണ്ട് ,പലിശ സബ്സിഡി

അടങ്കൽ

വികസനഫണ്ട് - ₹200000

ചെലവ് -₹ 200000

ബിൽ നമ്പർ/തീയ്യതി – 7/20.01.21

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുൻവർഷങ്ങളിൽ കറവ പശുക്കളെ വാങ്ങുന്നതിന് 5 ലക്ഷം മുതൽ 10 ലക്ഷം വരെ ബാങ്ക് വായ്പ എടുത്ത് കൃത്യമായി തിരിച്ചടച്ച കൊണ്ടിരിക്കുന്ന 2 വ്യക്തികൾക്ക് 50000 രൂപ പലിശ സബ്സിഡിയും 10 ലക്ഷം വരെ ലോൺ എടുക്കുന്ന 2 സംരംഭകർക്ക് 50000 രൂപ നിരക്കിൽ റിവോളിംഗ് ഫണ്ടും ലഭ്യമാകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

സംരംഭം ആരംഭിച്ച് ഒരു വർഷം കഴിയുമ്പോൾ തവണ തുകകൾ കൃത്യമായി തിരിച്ചടക്കുന്ന ഗുണഭോക്താക്കൾക്കാണ് പലിശ സബ്സിഡിക്ക് അർഹത. പൊതുധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തവരാകണം ഗുണഭോക്താക്കൾ . റിവോൾവിംഗ് ഫണ്ട് പ്രതിമാസ തവണകളായി 4 വർഷം കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ തുടങ്ങുന്ന റിവോൾവിംഗ് ഫണ്ട് റീപ്പേമെന്റ് അക്കൗണ്ടിലേക്ക് അടക്കണം.

പദ്ധതി പ്രകാരം 2ഗുണഭോക്താക്കാണ് തുക അനുവദിക്കേണ്ടത്. എന്നാൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ ഷീജ കെ.സി (W/o നാരായണൻ) എന്ന ഒരു ഗുണഭോക്താവിനെ മാത്രമാണ് തിരഞ്ഞെടുത്തത്. പ്രസ്തുത ഗുണഭോക്താവിന് , 20.2.21 ന് ചെക്ക് നം. 023341 പ്രകാരം 50000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ തളിപ്പറമ്പ് ക്ഷീരവികസന ഓഫീസറുടെ പേരിലുള്ള കേരള ഗ്രാമീണ ബാങ്ക് കരിമ്പം ബ്രാഞ്ചിലുള്ള അക്കൌണ്ടിൽ നിന്നും (അക്കൌണ്ട് നമ്പർ 40493101053179) റിവോൾവിംഗ് ഫണ്ട് ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഗുണഭോക്താവ് സംരംഭം ആരംഭിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളും സബ്സിഡിമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. കൊയ്യം സർവ്വീസ് സഹകരണ ബാങ്കിന്റെ 23.12.19 ലെ കത്തു പ്രകാരം 900000രൂപയും തീയതി രേഖപ്പെടുത്താത്ത കത്തു പ്രകാരം 600000രൂപയും വായ്പയെടുത്തതായി ഫയലിൽ കാണുന്നു. പത്തു ലക്ഷം രൂപ വരെ വായ്പയെടുത്തവർക്കാണ് ആനുകൂല്യത്തിന് അർഹതയെന്നിരിക്കെ കൂടുതൽ തുക വായ്പയെടുത്ത ഗുണഭോക്താവിനെ പരിഗണിച്ചതിന്റെ കാരണവും വ്യക്തമാക്കപ്പെട്ടിട്ടില്ല.നാളിതു വരെയായി തിരിച്ചടച്ച റിവോൾവിംഗ് ഫണ്ടിന്റെ വിശദാംശങ്ങളും ആയത് ഉപയോഗപ്പെടുത്തി പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുള്ള വിവരങ്ങളും ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ രണ്ടു ഗുണഭോക്താക്കൾക്കു നല്കുന്നതിനാവശ്യമായ മുഴുവൻ തുകയും മുൻകൂറായി പിൻവലിച്ച് മേൽസൂചിപ്പിച്ച അക്കൌണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച് 19.3.22നൽകിയ 19ാംനമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ചെലവായ 50000രൂപ കഴിച്ചുള്ള തുക നാളിതു വരെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാതിരുന്നതും ഗുരുതരമായ അപാകമാണ്. മേൽക്കാരണങ്ങളാൽ 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-2 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് ഗ്രാന്റ്-അധികം തുക നൽകി-₹5000 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം | 4/20-21 |
| അടങ്കൽ | 9,00,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>23,50,000 വികസന ഫണ്ട്(ടി.എസ്.പി) |
| ചെലവ് | 7,35,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>17,40,000 വികസന ഫണ്ട്(ടി.എസ്.പി) |
| ബിൽ നം./തിയതി | 1/20-21 Dt 21.10.20-₹4,75,000 |

നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് അമൽദേവ് സി.വി എന്ന വിദ്യാർത്ഥി കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സയൻസിൽ നാലാം സെമസ്റ്റർ B.F.SC. വിദ്യാർത്ഥിയാണ്.സ.ഉ(കൈ)നം.22/2018/തസ്വഭവ തി:14.2.18 ഖ.7.2.5 പ്രകാരം ബിരുദവിദ്യാർത്ഥികൾക്ക് ₹20,000 ആണ് പ്രതി വർഷം സ്കോളർഷിപ്പായി നൽകേണ്ടത്.എൻജിനീയറിംഗ് സ്റ്റുഡൻസിന് നൽകേണ്ട നിരക്കിൽ ₹25,000 ആണ് 2020-21 വർഷം പ്രസ്തുത വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ആയി അനുവദിച്ചിരിക്കുന്നത്. (ബിൽ നം./തീയതി 1/20-21 തീയതി 21.10.2020) അധികം നൽകിയ ₹5000 നിരാകരിക്കുന്നു. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(8/14.3.22) തുക തിരിച്ചടക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 15.03.22,17.03.22 | കെ.എസ്.എ/കെ.എൻ.ആർ |

| | | /സി.3/430/2022 തീയതി: 25.05.2022 |
|---|---|---|

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ ലഭിക്കുന്ന തുക പ്രോജക്ടുകളുടെ ഭാഗമാക്കുന്നില്ല എന്നതും അപാകമാണ്. അതുകൊണ്ടു തന്നെ സുലേഖ ചെലവു പത്രിക പ്രകാരമുള്ള കണക്കുകളും കൃത്യമല്ല.

ഗ്രാമപഞ്ചായത്ത് വിഹിതമായി ഓഡിറ്റ് വർഷം 10,50,000രൂപ ലഭിച്ചതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുന്നിരിപ്പ് 1181087 രൂപയും നീക്കിയിരിപ്പ് 700000രൂപയുമാണ്. ചെലവു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ജില്ലാ പഞ്ചായത്ത് വിഹിതമായി 10,00,000രൂപ വരവു വന്നതായും 7882541രൂപ മുന്നിരിപ്പും 1921710രൂപ നീക്കിയിരിപ്പും ഉള്ളതായും വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചീക്കാട് എസ് ടി കോളനി നടപ്പാത നിർമ്മാണത്തിനായി ലഭിച്ച 10ലക്ഷം രൂപ പ്രോജക്ട് നമ്പർ 110/21 ൽ ഉൾപ്പെടുത്തി മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. മുന്നിരിപ്പിൽ നിന്നുള്ള ചെലവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെയും തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | 151/21,വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സോളാർ പാനൽ | 21/25.11.2020 | 11,13,580 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ,വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന നിർമ്മാണ പദ്ധതി (പാപ്പിനിശ്ശേരി കോഓപ്പറേറ്റീവ് റൂറൽ ബാങ്ക്) | ലഭ്യമല്ല | 50,00,000 | 497421 | 354340 | | 143081 |

| | | | | | | |
|---|---|---|---|---|---|---|
| ഐ എ വൈ ഭവന നിർമ്മാണ പദ്ധതി(മാടായി കോഓപ്പറേറ്റീവ് റൂറൽബാങ്ക്, കുപ്പം ശാഖ | ജി ഒ (എം എസ്) 90/12/എൽ എസ് ജി ഡി തീയതി 14.03.13 | 6900000 | 2000000 | 700000 | | 1300000 |
| | | | 2497421 | | | 1443081 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.പലിശ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കുകയോ ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2004-05 | 3.13.11.2 | സർക്കാർ നിർദേശത്തിന് വിരുദ്ധമായ ചെലവ് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 10,23,02,850 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 11,67,93,395 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 1,55,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 45,28,480 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-22(3-1) | | 150000 | ശ്രീ.സുരേഷ്.എൻ ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ |
| 1-34(3-2) | | 5000 | ശ്രീ.ഗോപാലകൃഷ്ണൻ പി വി, പട്ടിക വർഗവികസന ഓഫീസർ |
| | | 155000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 165000 | ശ്രീമതി.പ്രസീത.കെ.വി,സെക്രട്ടറി |
| 1-17 | 89600 | ശ്രീമതി.പ്രസീത.കെ.വി,സെക്രട്ടറി |
| 1-18 | 222800 | ശ്രീമതി.പ്രസീത.കെ.വി,സെക്രട്ടറി |
| 1-19 | 1113580 | ശ്രീമതി.പ്രസീത.കെ.വി,സെക്രട്ടറി |
| 1-20 | 550000 | ശ്രീമതി.അൽഫോൻസ ജോസഫ്, ക്ഷീരവികസന ഓഫീസർ |
| 1-21 | 1237500 | ശ്രീമതി.മിനിമോൾ ഡി കെ , ക്ഷീരവികസന ഓഫീസർ |
| 1-22 | 50000 | ശ്രീ.സുരേഷ്.എൻ ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ |
| 1-23 | 1100000 | ശ്രീമതി.അൽഫോൻസ ജോസഫ്, ക്ഷീരവികസന ഓഫീസർ |
| ആകെ | ₹45,28,480 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-32 | 2865 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ്.എൻ ക്ഷീരവികസന ഓഫീസർ,തളിപ്പറമ്പ | ക്ഷീരവികസന ഓഫീസർ, ക്ഷീരവികസന | ശ്രീനിലയം, നെടുമൺകാവ്,കൊല്ലം-695012 |

| | | |
|---|---|---|
| | സർവ്വീസ് യൂനിറ്റ്,കൊട്ടാരക്കര | |
| ശ്രീ.ഗോപാലകൃഷ്ണൻ പി വി, പട്ടിക വർഗവികസന ഓഫീസർ | എംആർഎസ്,പട്ടുവം | പുതിയ വീട്ടിൽ ഹൌസ്, കണ്ടക്കൈ,ചെങ്ങളായി |
| ശ്രീമതി.പ്രസീത.കെ.വി,സെക്രട്ടറി | സെക്രട്ടറി,തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | രവീന്ദ്ര, നടാൽ, എടക്കാട് , കണ്ണൂർ |
| ശ്രീമതി.അൽഫോൻസ ജോസഫ്, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, ക്ഷീരവികസന സർവ്വീസ് യൂനിറ്റ്, ആലക്കോട് | പൂച്ചവാലേൽ ഹൌസ്, തളിപ്പറമ്പ പി ഒ |
| ശ്രീമതി.മിനിമോൾ ഡി കെ , ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, ഡയറി ട്രെയിനിംഗ് സെന്റർ, പട്ടം പാലസ് പി ഒ, തിരുവനന്തപുരം | പുലരി, TC19/886KRRA204L,പ്രകാശ് നഗർ, കേശവദാസ് റോഡ്, പൂജപ്പുര 695012 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2001-02 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 4 |
| 2002-03 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 5 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 3 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 3 |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 4 |
| 2008-09 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2009-10 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 7 |
| 2010-11 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 7 |

| | | |
|---|---|---|
| 2011-12,12-13 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 6 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 18 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി13-790/19 തീയതി 10.06.19 | 7 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി13-931/20 തീയതി 16.11.2020 | 14 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി13-113/20 തീയതി 18.08.2020 | 15 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി13/429/22 തീയതിഃ 25.05.2022 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thalipparamba Block Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21287846.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 6022306.00 |
| 150000000 | Sale & Hire Charges | RP-5 | 117902.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 93392885.00 |
| 171000000 | Interest Earned | RP-9 | 3576.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1113964.00 |
| 350000000 | Other Liabilities | RP-36 | 28079.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 55245.00 |
| 340000000 | Deposits Received | RP-34 | 223267.00 |
| 350000000 | Other Liabilities | RP-36 | 118252.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 395209.00 |
| 460000000 | Loans, Advances and Deposits | RP-47 | 832165.00 |

| | | | |
|---|---|---|---|
| | Grand total | | 123590696.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2864874.00 |
| 220000000 | Administrative Expenses | RP-12 | 7394126.00 |
| 230000000 | Operations & Maintenance | RP-13 | 1005540.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 17382653.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24666111.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1866394.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 138461.00 |
| 255000000 | Maintenance Projects | RP-20 | 3724829.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | 480360.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 273380.00 |
| 350000000 | Other Liabilities | RP-36 | 680470.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 365674.00 |
| 330000000 | Secured Loans | RP-32 | 1054340.00 |
| 350000000 | Other Liabilities | RP-36 | 89818.00 |
| 410000000 | Fixed Assets | RP-38 | 14336001.00 |
| 412000000 | Capital work in Progress | RP-40 | 24195554.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15165693.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 609117.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6777773.00 |
| Cash | Cash | RP-40(b) | 19528.00 |
| | Grand Total | | 123590696.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Thalipparamba Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 687200.00 |
| 140000000 | Fee & User Charges | I-4(b) | 6022306.00 |
| 150000000 | Sale & Hire Charges | I-5(b) | 117902.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 75310710.00 |
| 171000000 | Interest Earned | I-8 | 3576.00 |
| 180000000 | Other Income | I-9 | 55245.00 |
| | Total Income | | 82196939.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3411274.00 |
| 220000000 | Administrative Expenses | I-11(b) | 7394126.00 |
| 230000000 | Operations & Maintenance | I-12(b) | 2163794.00 |
| 240000000 | Interest & Finance Charges | I-13 | 365674.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 17382653.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24666111.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12866394.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 138461.00 |
| 255000000 | Maintenance Projects | I-14(e) | 3724829.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 5689509.00 |
| | Total Expenditure | | 78302825.00 |
| | Gross Surplus/ Deficit of income over Expenditure | | 3894114.00 |
| 280000000 | Prior Period Item | I-18 | 480360.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3413754.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

3.ബാലൻസ് ഷീറ്റ്

Thalipparamba Block Panchayat
BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 10037013.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 102088600.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 112125613.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5398452.00 |
| | Total Grants, Contributions for Specific Purposes | | 5398452.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 1443081.00 |
| | Total Loans | | 1443081.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 992819.00 |
| 350000000 | Other Liabilities | B-9 | 259216.00 |
| | Total Current Liabilities and Provisions | | 1252035.00 |
| | TOTAL LIABILITIES | | 120219181.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 124399048.00 |
| 411000000 | Accumulated Depreciation | B-11 | -27930399.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 96468649.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 16386798.00 |
| 450000000 | Cash and Bank Balance | B-17 | 6797301.00 |
| 460000000 | Loans, Advances and Deposits | B-18 | 566433.00 |
| | Total Current Assets, Loans and Advances | | 23750532.00 |

| | | |
|---|---|---|
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 120219181.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.